**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **09-02-2023 - ൽ മറുപടിയ്ക്ക്**

**കിടപ്പുരോഗികൾക്കും മുതിർന്ന പൗരന്മാർക്കുമുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിടപ്പുരോഗികൾക്കും അവശരയായ മുതിർന്ന പൗരന്മാർക്കും അവരുടെ വീടുകളിൽ അടിയന്തര മരുന്നുകളുടെ വിതരണം, മെഡിക്കൽ സംഘങ്ങളുടെ ഭവന സന്ദർശനം, സാന്ത്വന പരിചരണം തുടങ്ങിയ സേവനങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയെപ്പറ്റി വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ കിടപ്പ് രോഗികൾക്കും അവശത അനുഭവിക്കുന്ന മുതിർന്ന പൗരൻമാർക്കും ഭവനസന്ദശനത്തിലൂടെ വൈദ്യസഹായം നൽകുന്ന പ്രാഥമികതല സാന്ത്വന പരിചരണ പദ്ധതി എല്ലാ പഞ്ചായത്തുകളിലും പ്രവർത്തന സജ്ജമാണ്. ഈ പദ്ധതിയിലൂടെ കിടപ്പിലായ എല്ലാ രോഗികൾക്കും ഒരു പാലിയേറ്റിവ് കെയർ നഴ്സിന്റെ നേതൃത്ത്വത്തിലുള്ള സാന്ത്വന പരിചരണം മുടക്കം കൂടാതെ നൽകി വരുന്നുണ്ട്. കിടപ്പിലായ രോഗികൾക്ക് ആവശ്യമായ കത്തീറ്റർ മാറ്റം, റെയിൽസ് ട്യൂബ് മാറ്റം, വൃണങ്ങളുടെ സംരക്ഷണം തുടങ്ങിയ പ്രഥമിക സേവനങ്ങൾ നൽകുന്നതിനോടൊപ്പം തന്നെ മരുന്നുകളും നൽകി വരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പാലിയേറ്റീവ് കെയർ നയം 2019-ൽ പുറത്തിറക്കുകയുണ്ടായി. 'അരികെ' എന്ന പേരിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ ആരോഗ്യ പ്രവർത്തകരോടൊപ്പം വിവിധ വകുപ്പുകളും സന്നദ്ധ സേവകരും അണി ചേരുന്നുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 16.11.2022 തീയതിയിലെ സ.ഉ(സാധാ) നം. 2744/2022/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഹൈ പവർ കമ്മിറ്റിയും, പാലിയേറ്റീവ് കെയർ വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ